പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5193

23-05-2017-ലെ മറുപടിയ്ക്ക്

## കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് നടപടി

ചോദ്യം

**ശ്രീ.ചിറയം ഗോപകുമാർ**
**ശ്രീ.ഇ.കെ.വിജയൻ**
**ശ്രീ.വി.ആർ. സുനിൽ കുമാർ**
**ശ്രീ.മുഹമ്മദ് മുഹസിൻ പി.**

(എ) കൃഷി വകുപ്പിന്റെ കീഴിൽ കൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; ഓരോ പദ്ധതികളിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

മറുപടി

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ്. ടി പദ്ധതികളിലൂടെ ധനസഹായം/സാങ്കേതിക സഹായം, വിത്ത്, വളം, കീടനാശിനി, മണ്ണ് എന്നിവയുടെ ഗുണനിലവാര പരിശോധന, കാർഷിക വിജ്ഞാപന വ്യാപനം, കൃഷിനാശത്തിന് നഷ്ടപരിഹാരം, ജൈവ വൈവിധ്യ സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, കൃഷി പ്രോത്സാഹനം, പെൻഷൻ തുടങ്ങിയ സഹായങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ വിഭാവനം ചെയ്യുന്നു.

1. നെൽകൃഷി വികസനം
2. പ്രാദേശിക സവിശേഷതയുള്ള വിളകളുടെ പ്രോത്സാഹനം.
3. പച്ചക്കറി കൃഷി വികസനം
4. പയർവർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം
5. തെങ്ങ് കൃഷി വികസനം
6. സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം
7. ഹൈ-ടെക് അഗ്രിക്കൾച്ചർ
8. പഴവർഗ്ഗങ്ങൾ, പുഷ്പവിളകൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം.
9. മണ്ണിന്റെയും സസ്യവേരുകളുടെയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും.
10. വിള ആരോഗ്യപരിപാലനം

11. ജൈവകൃഷിയും നല്ല കാർഷിക മുറകളുടെ അവലംബവും.
12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും.
13. കൃഷി വകുപ്പിന് കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവല്ക്കരണം
14. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ.
15. അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും.
16. വിള ഇൻഷ്വറൻസ് പദ്ധതി.
17. വിപണികളുടെ ശാക്തീകരണം കമ്പോള വില സ്ഥിരതയ്ക്കുള്ള വിപണിയിടപെടൽ.
18. മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, തേനുല്പാദനം, അഗ്രോ ബിസിനസ്സ് കമ്പനിയുടെ സ്ഥാപനം.
19. കർഷക ക്ഷേമ ബോർഡ് രൂപീകരണം
20. വയനാട് പാക്കേജ് പദ്ധതി
21. പ്രത്യേക കാർഷിക മേഖല അധിഷ്ഠിത കൃഷി വികസനം
22. കൃഷിയാവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി.
23. റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി.
24. കർഷക പെൻഷൻ പദ്ധതി.
25. ഫാം ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ
26. മാനവശേഷി വികസനം
27. പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള അടിയന്തിര പദ്ധതി
28. ജൈവവൈവിധ്യവും പ്രാദേശികവുമായുള്ള ജെംപ്ലാസം സമാഹരണവും പ്രോത്സാഹനവും
29. റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ വികസന ഫണ്ട്
30. സംയോജിത കാർഷിക കേന്ദ്രം
31. കുട്ടനാട്ടിലെ കടൽ നിരപ്പിന് താഴെയുള്ള മേഖലയിലെ കൃഷിയ്ക്കുള്ള ഗവേഷണ പരിശീലന കേന്ദ്രം
32. നെൽകൃഷിക്കാർക്ക് ഉത്പാദന ബോണസ്സ്

**(ബി)** കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു-വെന്ന് വെളിപ്പെടുത്തുമോ ?

**(ബി)** കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള ബോധവത്ക്കരണം മുഖ്യമായും ഫാം ഇൻഫർമേഷൻ ബ്യൂറോ (FIB) വഴിയാണ് നടപ്പിലാക്കുന്നത്. ആകാശവാണിയിലൂടെ എല്ലാ ദിവസവുമുള്ള ഫാം

ന്യൂസ് 'കുട്ടനാട് റേഡിയോ' പ്രക്ഷേപണം ചെയ്യുന്ന 'ഞാറ്റുവേല' ദൂരദർശൻ മുഖേനയുള്ള 'നൂറുമേനി' 'കേരള കർഷകൻ' മാസിക, എക്സിബിഷൻ. സെമിനാറുകൾ, ലഘുപ്രസിദ്ധീകരണങ്ങൾ ദിനപത്രങ്ങളിൽ നൽകുന്ന പരസ്യങ്ങൾ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ബോധവത്ക്കരണം നടത്തിവരുന്നു. കൂടാതെ 'ഏഷ്യാനെറ്റ്' ചാനൽ സംപ്രേക്ഷണം ചെയ്യുന്ന 'കൃഷിദീപം' പരിപാടിയിലും കൃഷി വികസന പദ്ധതികൾ ഉൾപ്പെടുത്താറുണ്ട്.

കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ പദ്ധതികളുടെ വിശദാംശങ്ങൾ അപ് ലോഡ് ചെയ്യാറുണ്ട്.

കൃഷി ഭവൻ തുടങ്ങി താഴെതട്ടിലുള്ള കൃഷി വകുപ്പിന്റെ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കും കാർഷിക വികസന പദ്ധതികളെ കുറിച്ച് ആവശ്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുവാനായി വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷക പരിശീലന പരിപാടി, ഇന്റർഫേയ്സ് പരിപാടികൾ, കാർഷിക വികസന സമിതി യോഗങ്ങൾ, കർഷക ദിനാചരണം തുടങ്ങിയവ ഇതിനുള്ള വേദിയായി ഉപയോഗിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**